**തിരൂർ നഗരസഭാ കാര്യാലയം**

# ആമുഖം

74-ാ ഭരണഘടനാ ഭേദഗതിയിലൂടെ നിരവധി അധികാരങ്ങൾ നൽകി ജീവസുറ്റതാക്കിയ നഗരസഭകൾ ഇന്ന് ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള വിവിധ കർമ്മങ്ങൾ രേഖപ്പെടുത്തുകയും, നിയന്ത്രിക്കുകയും, അവർക്ക് ആവശ്യമായ എല്ലാത്തരം സേവനങ്ങളും എത്തിക്കുകയും ചെയ്യുന്ന ഒരു പ്രാദേശിക സർക്കാരാണ്. തിട്ടപ്പെടുത്തിയ നൂറിൽ പരം സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ നഗരസഭ ബാധ്യസ്ഥമാണ്. നിരവധി നടപടിക്രമങ്ങളും, സങ്കീർണ്ണമായ നിയമ പ്രശ്നങ്ങളും കാരണം പൊതുജനങ്ങൾക്ക് ചിലപ്പോഴെങ്കിലും സേവനങ്ങൾ അപ്രാപ്യമാവുകയാണ്. തനിക്ക് നിയമപരമായി കിട്ടേണ്ടതായ അവകാശങ്ങൾപോലും സമ്പൂർണ്ണ സാക്ഷരതനേടി എന്നവകാശപ്പെടുന്ന നമുക്ക് ചിലപ്പോഴൊക്കെ അറിയാത്തത്കൊണ്ട് മാത്രം കിട്ടാതെ പോകുന്നു.

പൗരാവകാശരേഖ പ്രസിദ്ധീകരണം എന്ന നിയമം ഉദ്ദേശിക്കുന്നത് എല്ലാ സർക്കാർ/ തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കുന്നതിന് എത്തുന്ന പൗരൻമാർക്ക് (ഉപഭോക്താക്കൾക്ക്) സേവനം പ്രദാനം ചെയ്യുന്ന രീതികൾ, നിബന്ധനകൾ, ഗുണനിലവാരം, പരാതി പരിഹാരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട അധികാരങ്ങളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ വ്യക്തമായും ഹ്രസ്വമായും തയ്യാറാക്കി സേവന ദാതാവ് പ്രസിദ്ധീകരിക്കുന്നു എന്നതാണ്. ഈ സേവനങ്ങൾ പൗരൻമാരുടെ അവകാശങ്ങളായി സേവന ദാതാവ് അംഗീകരിക്കുകയും പൗരാവകാശ രേഖയിൽകൂടി പൗരനെ അറിയിക്കുകയും ചെയ്യുന്നു.

തിരൂർ നഗരസഭയിലും നമുക്ക് പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. നികുതിദായകനായ പൗരന് മെച്ചപ്പെട്ട സേവനം നൽകുന്നതിനും അഴിമതിരഹിതവും സുതാര്യവും ജനാധിപത്യവ്യവസ്ഥയിൽ തീരുമാനങ്ങളെടുക്കുന്ന ഫലപ്രദമായ സദ്ഭരണം തിരൂർ നഗരസഭയിലും ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കാൻ ഭരണാധികാരികളായ ഞങ്ങൾ ബാധ്യസ്ഥരാണ്. നിയമപരമായ ഒരു ബാദ്ധ്യത എന്നതിലുപരി ഒരു കടമയായി കൂടി ഞങ്ങൾ ഇതിനെ കാണുന്നതിനാൽ, പൗരാവകാശരേഖയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ മാന്യ ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ലക്ഷ്യങ്ങൾ കൈവരിക്കാൻ മാന്യ ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സമയാസമയങ്ങളിലുള്ള ഇടപെടലുകളും നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് തിരൂർ നഗരസഭയുടെ പൗരാവകാശരേഖ ജനങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

**നസീമ ആളത്തിപറമ്പിൽ**
**ചെയർപേഴ്സൺ**

# പൗരാവകാശ രേഖ എന്ത് ?എന്തിന്?

പൗരാവകാശ രേഖ (ഇശശേലി ഇവമൃലേൃ) പേര് ധ്വനിപ്പിക്കും പ്രകാരം പൗരൻമാരുടെ അവകാശങ്ങളുടെ ഒരു രേഖയാണ്. 74–ാാം ഭരണഘടന ഭേദഗതിയുടെ ചുവട് പിടിച്ച് രൂപീകരിച്ച കേരള മുനിസിപ്പാലിറ്റീസ് ആക്ടും, അനുബന്ധ ചട്ടങ്ങളും നിരവധി ആയ സേവനങ്ങളാണ് പൗരൻമാർക്ക് നൽകുന്നതിന് നഗരസഭയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവ സമയബന്ധിതമായും, ഗുണമേൻമയോടും പൊതുജനങ്ങൾക്ക് നൽകുന്നതിന്, പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത് മുനിസിപ്പൽ നിയമം, വകുപ്പ് 563 എ പ്രകാരം നഗരസഭയുടെ നിയമപരമായ ബാധ്യതയാണ്. പ്രസ്തുത നിയമപ്രകാരം ഓരോ മുനിസിപ്പാലിറ്റിയും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരൻമാർക്ക് മുനിസിപ്പാലിറ്റി ലഭ്യമാക്കുന്ന വിവിധതരം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയെയും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

പൗരാവകാശ രേഖയിൽ പറയുന്ന വിവിധ സേവനങ്ങളും ആയത് ലഭ്യമാക്കേണ്ട സമയപരിധിയും നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട വിവിധ തസ്തികകൾ വഴി ലഭ്യമാക്കുന്ന ജീവനക്കാരിലൂടെ നൽകുന്നതിന് നഗരസഭ കടപ്പെട്ടിരിക്കുന്ന വിവരം അറിയിക്കുന്നതോടൊപ്പം തിരൂർ നഗരസഭ ഭരണം കാര്യക്ഷമവും, അഴിമതിരഹിതവും, സുതാര്യവുമായി മാറ്റാൻ മുഴുവൻ ജനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് തിരൂർ നഗരസഭയുടെ പൗരാവകാശ രേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

**ഡോ. സിനി.ടി.എൻ**
**സെക്രട്ടറി**
**തിരൂർ നഗരസഭ**

**തീയതി**

| അംഗനവാടികളിൽ നിന്നും സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ | | | | | |
|---|---|---|---|---|---|
| **ക്രമ നം** | **ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ** | **അപേക്ഷിക്കുന്നവിധം** | **അറ്റ് നിബന്ധനകൾ** | **അടയ്ക്കേണ്ട ഫീസ്** | **ലഭ്യമാകുന്ന ദിവസം(അപേക്ഷിക്കുച്ച ദിവസം മുതൽ)** |
| 1 | അനുപൂരക പോഷകാഹാര വിതരണം(6 വയസ്സിന് താഴെയുള്ള കുട്ടിൾക്കും ,ഗർഭിണികൾക്കും,മപലയൂട്ടുന്ന അമ്മമാർക്കും) | കുട്ടികളെ അംഗനവാടികളിൽ കൊണ്ട് വരുക ഗർഭിണിയാണെന്നറിഞ്ഞയുടനെ അടുത്ത അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. | | ഇല്ല | ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസംവരെയും, കുട്ടിയ്ക്ക് 6വയസ്സ് പൂർത്തിയാകുന്നത് വരെയും |
| 2 | രോഗ പ്രതിരോധ കുത്തിവെയ്പ്പ് ഗർഭിണികൾക്കും കുട്ടികൾക്കും | ഗർഭിണിയാണെന്നറിഞ്ഞയുടനെ അടുത്ത അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. | | ഇല്ല | ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസം വരെയും കുട്ടിയ്ക്ക് 6 വയ്യസ്സ് വരെയും |
| 3 | അനൗപചാരിക വിദ്യാഭ്യാസം | പ്രസവിച്ച ഉടനെ കുട്ടിയുടെ പേര് അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യണം | | ഇല്ല | കുട്ടിയ്ക്ക് 3 വയസ്സുമുതൽ 6 വയസ്സ് വരെ |
| 4 | ആരോഗ്യ പരിശോധന(കുട്ടികൾക്കും ,അമ്മമാർക്കും) | അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യണം | മാസത്തിൽ 1 തവണ | ഇല്ല | ഗർഭിണിയാകുന്നത് മുതൽ പ്രസവിച്ച് 6 മാസം വരെയും കുട്ടിയ്ക്ക് 5 വയ്യസ്സ് വരെയും |
| 5 | ആരോഗ്യ പോഷണ വിദ്യാഭ്യാസം(15 നും 45നും ഇടയിലുള്ള സ്ത്രീകൾക്ക്) | അംഗൻവാടി കേന്ദ്രീകരിച്ച് ആരോഗ്യ പ്രവർത്തകരും മറ്റും നടത്തുന്ന ക്യാമ്പിലൂടെ | | | അംഗൻവാടിയിലൂടെ തിയ്യതി അറിയിക്കും. |
| 6 | കുട്ടികളുടെ വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർട്ട് | അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുന്ന 3 വയസ്സിനും 6 വയസ്സിനും ഇടയിനുള്ള കുട്ടികൾ | | | മാസത്തിലെ 6 ആഴ്ച്ച |
| 7 | ആരോഗ്യ രക്ഷാ റഫറൽ സരവ്വീസ് | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത 3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് താൽക്കാലികാശ്വാസത്തിനുള്ള മരുന്ന് നൽകി ആശുപത്രിയിലേക്ക് റഫർ | | ഇല്ല | തൽസമയം |

| | | | | | |
|---|---|---|---|---|---|
| | | ചെയ്യുന്നു. | | | |
| 8 | ടീനേജ് പെൺകുട്ടികൾക്ക് ആരോഗ്യ പരിശോധനയും ബോധവത്ക്കരണവും അനുപൂരക പോഷകാഹാര വിതരണവും | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യണം. താലൂക്ക് ആശുപത്രിയിലെ സേവനം | 3 മാസത്തിൽ ഒരു തവണ | ഇല്ല | അംഗനവാടിയിലൂടെ തിയ്യതി അറിയിക്കും |
| 9 | ആശ്രയ പദ്ധതി പ്രകാരം അംഗൻവാടി പരിധിയിലുള്ള വൃദ്ധർ, വികലാംഗർ, വിധവകൾ, മാനസിക രോഗികൾ എന്നിവർക്ക് ഭക്ഷണ വിതരണം ചെയ്യുന്നു. | വാർഡ് സഭ വഴി തെരഞ്ഞെടുക്കപ്പെടുന്നവർ | | ഇല്ല | എല്ലാ ദിവസവും |
| 10 | ആശ്വാസ കിരണം പദ്ധതി | അംഗൻവാടി വർക്കർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കണം | ബി.പി.എൽ കുടുംബം തീരെ കിടപ്പിലായ രോഗികൾ,ബെഡ്റിസ്റ്റൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം | ഇല്ല | അംഗനവാടിയിലൂടെ തിയ്യതി അറിയിക്കും |
| 11 | സ്നേഹസ്പർശം | അംഗൻവാടി വർക്കർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കണം | ബി.പി.എൽ കുടുംബം | ഇല്ല | അംഗനവാടിയിലൂടെ തിയ്യതി അറിയിക്കും |

## 6.കൃഷിഓഫീസ്

| ക്രമ നം. | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടയ്ക്കേണ്ട ഫീസ് | ലഭ്യമാകുന്ന ദിവസം(അപേക്ഷിച്ച ദിവസം മുതൽ) |
|---|---|---|---|---|---|
| 1 | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷിരീതി | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തൽസമയം |
| 2 | കാർഷിക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങളിലൂടെ ശുപാർശ | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക | | ഇല്ല | തൽസമയം |
| 3 | മണ്ണ് പരിശോധന തത്നുസരണമായ വിഴപരിപാലന ശുപാർശ | ശേഖരിച്ച മണ്ണ്(സാമ്പിൾ)കൃഷിയിടത്തിന്റെ വിവരം,വിളവിവരം,കൃഷിക്കാരന്റെ ശരിയായ മേൽവിലാസം എന്നിവ കൃഷിഭവനിൽ ഏൽപ്പിക്കുക | 500 ഗ്രാം ശാസ്ത്രീയമായി ശേഖരിച്ച മണ്ണ് സാമ്പിളായി നൽകണം | ഇല്ല | 2 മാസം |

| | | | | | |
|---|---|---|---|---|---|
| 4 | പ്രകൃതിക്ഷോഭം മൂലം കാർഷികവിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരഹാരം ലഭിക്കാൻ | നിർദിഷ്ട ഫോറത്തിൽ(2 കോപ്പി)അപേക്ഷ സമർപ്പിക്കണം) ഫോറത്തിന്റെ മാതൃക കൃഷിഭവനിൽ ലഭ്യമാണ്. | നഷ്ടം സംഭവിച്ച് 3 ദിവസങ്ങൾക്കുള്ളിൽ അപേക്ഷിക്കേണ്ടതാണ് | ഇല്ല | 15 ദിവസത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും |
| 5 | വിള ഇൻഷ്വറൻസ് (സർക്കാർ പരസ്യം ചെയ്യുന്ന വിളകൾക്ക് മാത്രം) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ വിളകൾക്ക് നിശ്ചയിച്ച പ്രീമിയം തുക എന്നിവയോടുകൂടി കൃഷി ഭവനിൽ ബന്ധപ്പെടുക | സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള നിശ്ചിത തുക | ഠപാളിസി(1 മാസം സർട്ടിഫിക്കറ്റ്)നഷ്ടപരിഹാരം 3മാസം) |
| 6 | ദേശീയ ബയോഗ്യാസ് (വികസന പദ്ധതി സബ്സിഡി 3500 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ, ചെറുകിട നാമമാത്ര കർഷകർ | പണിപൂർത്തിയായി പ്ലാന്റ് പ്രവർത്തിക്കുന്ന മുറയ്ക്ക് | ഇല്ല | പണിപൂർത്തിയായി പ്ലാന്റ് പ്രവർത്തിക്കുന്ന മുറയ്ക്ക |
| 7 | കാർഷികാവശ്യത്തിനു സൗജന്യ വൈദ്യുതി | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ,നികുതി രസീതിന്റെ കോപ്പി കൈവശാവകാശ സർട്ടിഫിക്കറ്റ്, വൈദ്യുതി കൺസ്യൂമർ കാർഡിന്റെ കോപ്പി | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് | ഇല്ല | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക |
| 8 | നെൽകൃഷിക്കാർക്കുള്ള ഉൽപാദന ബോണസ് | നിർദ്ദിഷ്ട ഫോറത്തിൽഅപേക്ഷ ,ചെറുകിട നാമമാത്ര കർഷകർ | | ഇല്ല | നെല്ല് കൊയ്യുന്ന മുറയ്ക്ക് |
| 9 | അത്യുൽപാദന ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും വിതരണം | നിർദ്ദിഷ്ട ഫോറത്തിൽഅപേക്ഷ | | കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വില | ഫാമിൽ നിന്ന് വരുന്ന മുറയ്ക്ക് |
| 10 | കാർഷികാവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നതിനുള്ള സർട്ടിഫിക്കറ്റ് | വെള്ള പേപ്പറിൽ അപേക്ഷിക്കുക | ചുരുങ്ങിയത് 30 സെന്റ് സ്ഥലം സ്വന്തമായുള്ളവർക്ക് | ഇല്ല | ആറ് പ്രവർത്തി ദിവസം |

| | | | | | |
|---|---|---|---|---|---|
| 11 | തെങ്ങ് കൃഷി വികസനപദ്ധതി | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ,നികുതി രസീതിന്റെ കോപ്പി | | ഇല്ല | പദ്ധതി ലഭിക്കുന്ന മുറയ്ക്ക് |
| 12 | വാഴകൃഷി വികസന പദ്ധതി | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ,നികുതി രസീതിന്റെ കോപ്പി | | സ്വന്തമായോ,പാട്ടത്തിനോ കൃഷി ചെയ്യുന്ന വർക്ക് ആനുകൂല്യം ലഭ്യമാണ് | പദ്ധതി ലഭിക്കുന്ന മുറയ്ക്ക |
| 13 | ഇാസവളം.കീടനാശിനി വിൽപന നടത്തുന്നതിനുള്ള ലൈസൻസ് നല്ഡകലും പുതുക്കലും | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷാ | ഉടമസ്ഥന്റെ സമ്മതപത്രം, നഗരസഭയുടെ എൻ.ഒ.സി | ഇല്ല | ഏഴ് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ടവർക്ക് അയയ്ക്കണം |

## 7. സ്കൂളുകൾ

## നഗരസഭയിലെ സ്കൂളുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ

1) ടി.സി – ടിസി ക്കുള്ള അപേക്ഷ രക്ഷിതാവ് നിശ്ചിത അപേക്ഷ ഫോറത്തിൽ സമർപ്പിച്ചാൽ അന്ന് തന്നെയോ അല്ലെങ്കിൽ രണ്ട് ദിവസത്തിനകമോ ടിസി ലഭിക്കുന്നതാണ്.
2) സ്വഭാവസർട്ടിഫിക്കറ്റ് – പത്താം തരം കഴിഞ്ഞ് ഉന്നത പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ടിസിയോടൊപ്പം സ്വഭാവസർട്ടിഫിക്കറ്റ് നൽകുന്നതാണ്.
3) ഡ്യൂപ്ലിക്കേറ്റ് ടി.സി– ടിസി നഷ്ടപ്പെട്ടുപോയാൽ പുതിയ ടിസി ലഭിക്കാനായി 15 രൂപ ചലാൻ അടച്ച് ട്രഷറിയിൽ സ്കൂളിൽ അപേക്ഷ സമർപ്പിക്കുന്നു. ഡ്യൂപ്ലിക്കേറ്റ് ടി.സി രണ്ട് ദിവസത്തിനകം ലഭിക്കുന്നതാണ്.
4) അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് – അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ലഭിക്കാനായി 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് വിശദമായ വിവരങ്ങളോടെ അപേക്ഷ സമർപ്പിക്കണം. 20 രൂപയുടെ മുദ്രപത്രത്തിലാണ് പകർപ്പ് സാധാരണയായി നൽകാറ്. 2 ദിവസത്തിനകം പകർപ്പ് ലഭിക്കുന്നതാണ്.

## 8. വ്യവസായ വികസന ഓഫീസ്

## വ്യവസായ വികസന ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| | | |
|---|---|---|
| 1 | EM – PART -I | വ്യവസായം സ്ഥാപനം ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് നൽകുന്നആദ്യ രേഖ നിർദ്ദിഷ്ട അപേക്ഷയിലും ഓൺലൈൻ വഴിയും അപേക്ഷിക്കാം ഫീസ് ഒന്നും ഇല്ല. അറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ ലൈസൻസ്. ലൈസൻസ്, ക്ലിയറൻസ് എന്നിവയ്ക്ക് ഇവ ഉപയോഗപ്പെടുത്താം. |
| 2 | EM- PART -II | ഒരു വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിച്ചതിന് ശേഷം നൽകുന്നത് , മേൽ പറഞ്ഞ രണ്ട് രീതിയിലും അപേക്ഷിക്കാം ഫീസ് ഒന്നും ഇല്ല സർക്കാർ ആനുകൂല്യങ്ങൾക്ക് ഇത് നിർബന്ധം. |
| 3 | E.S.S (ENTREPRENUER | ഒരു വ്യവസായം ആരംഭിക്കുന്ന വ്യക്തിക്ക്സർക്കാറിൽ നിന്നും ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ ഇതിലൂടെ |

| | | |
|---|---|---|
| | SMALL SCALE SCHEME) | ലഭിക്കുന്നു.<br>മൂന്ന് ഘടകങ്ങൽ ആയി ഇത് ലഭിക്കുന്നു.<br>a) Starting Support<br>b) Investment Support<br>c)Technical Support |
| 4 | PMEGP | കേന്ദ്രഗവ. പദ്ധതി അഭ്യസ്ത വിദ്യർക്ക് തൊഴിൽ ഉഭ്യമാക്കുന്ന പദ്ധതി<br>പരമാവധി വായ്പ 25 ലക്ഷം. സബ്സിഡി 25% വരെ (ഉൽപ്പാദന മേഖലയ്ക്ക്) |
| 5 | SURO | പീഡിത വ്യവസായം പുനരുദ്ധരിക്കാനുള്ള പദ്ധതി |
| 6 | ED CLASS | നഗരസഭാ പരിധിയിൽ വരുന്ന ഉന്നത പഠന സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന ക്ലാസ് വർഷത്തിൽ 12000/ രൂപ വ്യവസായ സെമിനാർ മോട്ടിവ്ഷൻ ക്ലാസുകൾ , യൂണിറ്റ് വിസിറ്റ് എന്നിവക്ക് വേശി നൽകുന്നു. |

## അദ്ധ്യായം –3
## നഗരസഭയുടെ പ്രധാന ചുമതലകൾ

**<u>നഗരസഭയുടെ ചുമതലകൾ</u>**

(എ) അനിവാര്യ ചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക.
2. പൊതുസ്ഥലങ്ങൾ കൈയേറ്റം ചെയ്യപെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റ് ജല സംഭരണികളും സംരക്ഷിക്കുക.
5. മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജല മാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക.
7. പേമാരി മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കികളയുക.
8. പരിസ്ഥിതി ആരോഗ്യ രക്ഷകമായി സംരക്ഷിക്കുക.
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം എളുപ്പത്തിൽ കേടുവരുന്ന മറ്റു ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന നിയന്ത്രക്കുക.
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക.
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റു പൊതു മുതലുകളും പരിപാലിക്കുക.
15. തെരുവ് വിളക്കുകലൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമുള്ള നന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക.
18. ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽക്കുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡ്ഡുഡകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളുൽ മൂത്രപ്പുരകളും കക്കൂസുകളും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.

26. മേളകളുടേയും ഉൽസവങ്ങളുടേയും നടത്തിപ്പ് ക്രമീകരിക്കു.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽക്കുകയും അലഞ്ഞുനടക്കുന്ന നായ്കളെ നശിപ്പിക്കുകയും ചെയ്യുക.
28. ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
29. നടപ്പാതയും റോഡ് മുറിച്ച് കടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാൽനടയാത്രക്കാർക്കുവേണ്ടി ഏർപ്പെടുത്തുക.
30. ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനായി വിശദമായ നഗരാസൂത്രണവും പ്രവർത്തന പദ്ധതിയും തയ്യാറാക്കുക.

## (ബി) പൊതുവായ ചുമതലകൾ

1. അവശ്യ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകടയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗമാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിപ്പിക്കുന്നതിന് പ്രചാരണ പരിപാടികൾ പരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം , മയക്കുമരുന്നുകളുടെ ഉപയോഗം , സ്ത്രീധനം , സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കുക തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽക്കുകയും ചെയ്യുക.
8. സഹകരണ മേഖല വികസിപ്പിക്കുക.
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവസമാഹരണം നടത്തുക
11. ദുർബലവിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക
14. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക

## (സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

## I. കൃഷി

1. തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളുലും കൃഷി ചെയ്യുക
2. .ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പ് വരുത്തുക
3. മണ്ണു സംരക്ഷണം നടത്തുക
4. ജൈവ വളം ഉൽപ്പാദിപ്പിക്കുക
5. തടയണകൾ സ്ഥാപിക്കുക
6. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കുക
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുക
8. ഉദ്യാനകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുക.
9. കാലിത്തീറ്റ വിള വികസനം നടപ്പാക്കുക.
10. സസ്യസംരക്ഷണം പ്രോത്സാഹിക്കുക
11. വിത്തുൽപാദനം വികസിപ്പിക്കുക.

12. കൃഷിയടങ്ങളുടെ യന്ത്രവൽക്കരണം  നടപ്പാക്കുക.
13. കൃഷിഭവനുകൾ  നടപ്പാക്കുക
14. കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക

## II. മൃഗസംരക്ഷണവും  ക്ഷീരോത്പാദനവും

1. കന്നുകാലി വികസന പരിപാടികൾ നടപ്പാക്കുക.
2. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുക.
3. കോഴി, തേനീച്ച, പന്നി, ആട്,മുയൽ ഇവ വളർത്തുക
4. മൃഗാശുപത്രികൾ നടത്തുക.
5. ഐ സി ഡി പി  ഉപകേന്ദ്രങ്ങൾ നടത്തുക.
6. മൃഗങ്ങൾക്കുള്ള  പ്രധിരോധ  ആരോഗ്യ  പരിപാടികൾ  ആവിഷ്കരിച്ച് നടപ്പിലാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക
8. പ്രത്യുൽപാദനക്ഷമതാ  വികസന പരിപാടികൾ  നടപ്പാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.
10. മൃഗ പോളിടെക്നിക്കുകളും  മേഖല കൃത്രിമ  ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗ സംരക്ഷണത്തിൽ  പ്രത്യേക സേവനങ്ങൾ നൽകുക.
12. കന്നുകാലി , കോഴി  പ്രദർശനങ്ങൾ നടത്തുക.

## III.ചെറുകിട ജലസേചനം.

1. മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തുവരുന്ന എല്ലാ ചെറുകിട ജലസേചനവും ലിഫ്റ്റും പദ്ധതികൾ നടപ്പിലാക്കുകടും  പരിപാലിക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ജല സംരക്ഷണം പ്രാവർത്തികമാക്കുക
4. ഭൂമിക്കടിയലെ ജലസ്രോതസ്സുസകളുടെ വികസനം നടപ്പിലാക്കുക.

## IV.മത്സ്യബന്ധനം

1. കുളത്തിലേയും ശുദ്ധജലത്തിലേയും  ക്ഷാരജലത്തിലേയും  മത്സ്യം വളർത്തലും സമുദ്രവിഭവ വികസനവും നടപ്പിലാക്കുക.
2. മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപാദനവും വിതരണവും വികസിപ്പിക്കുക
3. മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മത്സ്യ വിപണനത്തിനുള്ള സഹായങ്ങൾ നൽക്കുക
5. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക.
6. മത്സ്യതൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക
7. പരമ്പരാഗത കടവുകൾ വികസിപ്പിക്കുക
8. ഫിഷറീസ് സ്കൂളുകളുടെ  ഭരണ നിയന്ത്രണ്ങ്ങൾ നടത്തുക.

## V. സാമൂഹ്യ  വന വൽകരണം

1. കാലിതീറ്റക്കോ വിറകിനോവേണ്ടിയുള്ള വൃക്ഷങ്ങളും ഫവലൃക്ഷങ്ങളും ഉൽപാദിപ്പിക്കുക.
2. വൃക്ഷം  നട്ടുപിടിപ്പിക്കുന്നതിനും  പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി  പ്രചാരണങ്ങൾ സംക്ഷടിപ്പിക്കുക.
3. പാഴ്ഭൂമി വനവൽക്കിക്കുക.

## VI. ചെറുകിട വ്യവസായങ്ങൾ

1. കുടിൽ ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈതൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാകതവും  ചെറുതുമായ വ്യവസായങ്ങൾ വികസിപ്പിക്കുക.

4. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
5. എസ് എസ് എ പരിധിയുടെ മീന്നിലൊന്ന് നിക്ഷേപം വരുന്ന വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
6. വ്യവസായ മേഖലയിൽ സ്വയം പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുക.
7. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. വ്യവസായ സംരംഭ വികസന പരിപാടികൾ നടപ്പാക്കുക.

## VII. ഭവന നിർമ്മാണം

1. ഭവന രഹിതരെയും പുറമ്പോക്കുനിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭുമിയും ഭവനങ്ങളും നൽകുക.
2. ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുക
3. അഭയകേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക
4. ചെലവു കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക
5. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുക
6. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നടപ്പാക്കുക
7. ഭവന നിർമ്മാണത്തിനാവശ്യമായ ധനം സ്വരൂപിക്കുക

## VIII .ജലവിതരണം

1. അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക

2. അതത് മുനിസിപാലിറ്റിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക

## IX. വിദ്യുല്ലക്തിയും ഊർജ്ജവും

1. നിരത്തുവിളക്കുകൾ സ്ഥാപിക്കുക
2. ജൈവ വാതകത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുക
3. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്തുക

## X. വിദ്യാഭ്യാസം

1. സർക്കാർ പ്രീ പ്രൈമറി സ്ക്കുളുകളും പ്രൈമിറ സ്ക്കൂളുകളും ഹൈസ്ക്കൂളുകളും നടത്തുക
2. സാക്ഷരതാ പരിപാടികൾ നടപ്പാക്കുക
3. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ വ്യവസായ പരിശീലന കേന്ദ്രങ്ങൾ നടത്തുക
4. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ഹയർസെക്കന്ററി സ്ക്കൂളുകൾ നടത്തുക
5. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ ടെക്നിക്കൽ സ്കൂളുകൾ നടത്തുക
6. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കോന്ദ്രങ്ങളും പോളി ടെക്നിക്കുകളും നടത്തുക
7. മുനിസിപ്പൽ പ്രദേശത്തെ സർക്കാർ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്കൂളുകൾ നടത്തുക

## XI. പൊതുമരാമത്ത്

1. മുനിസിപ്പാലിറ്റിക്കുള്ളിലെ ദേശീയ പാതയും സംസ്ഥാന പാതയും മേജർ ജില്ലാറോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക
2. സർക്കാറിൽ നിന്നും കൈമാറ്റം ചെയ്തുകിട്ടിയതുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം നടത്തുക

## XIII. പൊതുജനാരോഗ്യവും ശുചീകരണവും

1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും(എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ)നടത്തുക
2. ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃസംരക്ഷണ ഭവനങ്ങളും നടത്തുക
3. രോഗവിമുക്തിയും മറ്റ് പ്രധിരോധ നടപടികളും നടത്തുക

4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക
6. മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാസമ്പ്രദായങ്ങളിലും പെടുന്ന സാമൂഹ്യ കേന്ദ്രങ്ങളും താനൂക്ക് ആശുപത്രികളിലും നടത്തുക

## XIII. സാമൂഹ്യക്ഷേമം

1. അംഗൻവാടികൾ നടത്തുക
2. അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും കർഷകതൊഴിലാളികൾക്കും പെൻഷൻ അനുവദിക്കുകയും വിതരണം ,ചെയ്യുകയും ചെയ്യുക
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക
4. വിധവകളുടം പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കും
5. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുക
6. അനാഥാലയങ്ങൾക്ക് ഗ്രാന്റുകൾ നൽകുക
7. അംഗഭംഗം വന്നവർ,അഗതികൾ മുതലായവർക്ക് ക്ഷേമത്തിനായി സ്ഥാപനങ്ങൾ തുടങ്ങുക

## XIV. ദാരിദ്ര നിർമ്മാർജ്ജനം

1. ദരിദ്രരെ കണ്ടെത്തുക
2. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റും പദ്ധതികൾ നടപ്പിലാക്കുക
3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടുന്നതിനായുള്ള സാമുഹ്യ ആസ്തികൾ ഉണ്ടാക്കുക
4. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിലും വേതനത്തോട് കൂടിയ തൊഴിലും ചെയ്യുന്നതിനായി കഴിവുകൾ വികസിപ്പിക്കുക
5. സ്വയം തൊഴിൽ പദ്ധതികൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുക

## XV.പട്ടികജാതി/പട്ടിക വർഗ്ഗ വികസനം

1. പ്രത്യേക ഘടക പദ്ധതിയുടെയും(എസ്.സി,പി)ഗോത്ര വർഗ്ഗ ഉപപദ്ധതിയുടെയും(റ്റി.എസ്.പി) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
2. പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾക്ക് വേശി നഴ്സറി സ്തൂളുകൾക്ക് നടത്തുക
3. പട്ടികജാതി/പട്ടിക വർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക
4. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
5. സഹായം അർഹിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾക്ക് വിവേചനാപൂർവ്വം സഹായം നൽകുക
6. മുനിസിപ്പൽ പ്രദേശത്ത് പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക
7. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക
8. മുനിസിപ്പൽ പ്രദേശത്ത് പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക
9. മുനിസിപ്പൽ പ്രദേശത്ത് പട്ടികകജാതി/പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിലധിഷ്ഠിത പരിശിലന കേന്ദ്രങ്ങൾനടത്തുക

## XVI. കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

1. കളി സ്ഥലങ്ങളും സറ്റേഡിയങ്ങളും നിർമ്മിക്കുക

## XVII. പൊതുവിതരണ സമ്പ്രദായം

1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കികയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
2. അളവുതൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക

3. റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളുടെയും നീതി സ്റ്റോറുകളുടെയും മറ്റു പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയപൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

## XVIII. പ്രകൃതിക്ഷോഭ ദുരിതാശ്വാസം

1. ദുരിദാശ്വാസകേന്ദ്രങ്ങൾ പരിപാലിക്കുക
2. ദുരിദാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
3. ചെയർമാന്റെ അഥവാ മേയറുടെ ദുരിദാശ്വാസ നിധി രൂപികരണം

## XIX. സഹകരണം

1. മുനിസിപ്പൽ അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക
2. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക.

| ഗവ. ആയുർവേദ ആശുപത്രി | | | |
|---|---|---|---|
| **സെക്ഷൻ** | | | |
| ക്രമ നം. | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ | അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി (അപേക്ഷ കിട്ടിയത് ശേഷമുള്ള സമയം/ ദിവസം) |
| 1 | ഒപി വിഭാഗത്തിലെ രോഗപ്രതിരോധ മരുന്ന് വിതരണം | | |
| 2 | ഐപി വിഭാഗത്തിൽ കിടത്തി ചികിത്സാ സൗകര്യം | | |
| 3 | സ്ത്രീ രോഗ ചികിത്സയും, ഗർഭിണി പരിരക്ഷയും, മരുന്ന് വിതരണവും | | |
| 4 | കിടപ്പു രോഗികൾ വീടുകളിൽ ചെന്ന് പരിശോധനയും മരുന്ന് വിതരണവും | | |
| 5 | മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകൽ | നിശ്ചിത മാതൃയിലുള്ള അപേക്ഷ | അപേക്ഷ നൽകിയ അതേ ദിവസം |
| 6 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ | നിശ്ചിത മാതൃയിലുള്ള അപേക്ഷ | അപേക്ഷ നൽകിയ അതേ ദിവസം |
| 7 | സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ | അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം | അതേ ദിവസം |
| 8 | ലൈഫ് സർട്ടിഫിക്കറ്റ് എയ്ജ് സർട്ടിഫിക്കറ്റ് എന്നിവ നൽകൽ | അപേക്ഷകനും ,വയസ്സ് തെളിയിക്കുന്ന രേഖകളും ഹാജരാക്കണം | |

**വ്യവസായ വികസന ഓഫീസ്**

| ക്രമ നം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി(അപേക്ഷ കിട്ടിയത് ശേഷമുള്ള /ദിവസം) |
|---|---|---|---|
| 1 | ഒ്യവസായ യൂണിറ്റുകൾക്ക് എൽടി4 താരിഫ് ഇളവ് | അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയായി പൂരിപ്പിക്കൽ,5/ രൂപയുടെ(അഞ്ച് രൂപ മാത്രം) കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക | |
| 2 | എസ്.സി/എസ്.ടി | വ്യവസായ വകുപ്പിൽ നിന്നും | അതേ ദിവസം |

| | | | |
|---|---|---|---|
| | വിഭാഗത്തിലുള്ള സംരഭകർക്ക് പട്ടികജാതി വകുപ്പിൽ നിന്നും സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ലോണോ ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം | ലോണോ ലഭ്യമായിട്ടില്ല എന്ന 100/ രൂപയുടെ മുദ്രപത്രത്തിലുള്ള സാക്ഷ്യപത്രം,അപേക്ഷ,തിരിച്ചറിയൽ രേഖകൾ, പഴയതും, പുതിയതുമായ റേഷൻ കാർഡ് മുതലായവ | |
| 3 | ബാങ്ക് വായ്പക്കുള്ള ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട്(20 ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നു.) | അംഗീകൃത പ്രൊജക്ട് റിപ്പോർട്ട്, തിരിച്ചയൽ രേഖകൾ, ക്വട്ടേഷൻ | അതേ ദിവസം |
| 4 | സംരഭക സഹായ പദ്ധതി ഓൺലൈൻവഴി അപേക്ഷിക്കുവാൻ ആവശ്യമായ സഹായങ്ങൾ (ഉത്പാദ യൂണിറ്റുകൾക്ക് മാത്രം) | അപേക്ഷയുടെ ചെക് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷദമായ രേഖകൾ | ന്യൂനത രഹിയമായ അപേക്ഷകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകൾ പരിശോധന നടത്തി (20 ലക്ഷം രൂപക്ക് മുകളിലുള്ളവ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ,ചെയ്യുന്നു.) അനുവദനീയമായ സബ്സിഡി അനുവദിച്ച് വിതരണം ചെയ്യുന്നത് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുമാണ്. |
| 5 | വ്യവസായ സംരഭകർക്ക് ഇ എം ഡി ഫീസ് ഇളവ് | ആവശ്യമായ അപേക്ഷ സമർപ്പിക്കൽ 5/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക | ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ അന്നു യൂണിറ്റ് സന്ദർശിച്ച് അപേക്ഷയിലും ഊദ്യോഗ ആധാറിലും പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത വിവരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർഷ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 6 | അതിസൂക്ഷ്മ വ്യവസായങ്ങൾക്കുള്ള പലിശ ഇനത്തിലുള്ള സബ്സിഡി | ആവശ്യമായ അപേക്ഷ ലോൺ സംബന്ധിച്ച ബാങ്കിന്റെ സാക്ഷ്യപത്രം തുടങ്ങയി സമർപ്പിക്കൽ | ന്യൂനരഹിതമായ അപേക്ഷകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നു. |
| 7 | പിഎം ജി ഓൺലൈൻ വഴി അപേക്ഷിക്കുവാൻ ആവശ്യമായ സഹായങ്ങൾ | | മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അപേക്ഷകനുമായി കൂടികാഴിച നടത്തി പാസാക്കിയ അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കുകളിലേക്ക് അയക്കുന്നു. |
| 8 | | അപേക്ഷയുടെ ചെക്ക് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിശദമായ രേഖകൾ | മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നു. |
| 9 | | അപേക്ഷയുടെ ചെക്ക് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിശദമായ രേഖകൾ | മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുന്നു. |
| 10 | വ്യവസായ സംരഭകർക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ട സാക്ഷ്യപത്രങ്ങളും , ക്ലിയറൻസുകളും ലഭ്യമാകുവാനുള്ള ഓൺലൈൻ അപേക്ഷക്ക് വേണ്ട സൗകര്യങ്ങൾ , നിർദ്ദേശങ്ങൾ | ആവശ്യമായ രേഖകൾ സമർപ്പിക്കൽ | ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിന് സഹായിക്കുന്നു. |
| 11 | അതാത് കാലങ്ങളിൽ സംരഭകർക്ക് അനുവദിക്കുന്ന വിവധ സഹായങ്ങൾ എന്റർ പ്രണേഴ്സ് ക്ലബ്ബുകൾക്ക് (വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ )നിർദേശങ്ങൾ , നഗരസഭ, ബ്ലോക്ക് പദ്ധതികളുടെ വെറ്റിംഗ് മുതലായവ | സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവരായിരിക്കണം | നിയമപ്രകാരം പൂർണ്ണമാണെങ്കിൽ 3 ദിവസത്തിനകം |

**പട്ടികജാതി വികസന ഓഫീസ്**

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

1. പ്രീമെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
   ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്യാസുകളിൽ പഠിപ്പിക്കുന്ന പട്ടികജാതി വിദ്യാർതഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ വാങ്ങുന്നതിന് ലംപ്സംഗ്രാന്റ് ബന്ധപ്പെട്ട സ്ക്കൂൾ മുഖേന നൽകുന്നു.

**<u>നിരക്കുകൾ</u>**

1 മുതൽ 4 വരെ (എൽപി) –750 രൂപ
5 മുതൽ 7 വരെ (യുപി) –900 രൂപ
8 മുതൽ 10 വരെ (ഹൈസ്ക്കൂൾ) –1000 രൂപ

കൂടാതെ നായാടി,വേടൻ,വേട്ടുവൻ സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക ഇൻസെന്റവീവ് പ്രതിമാസം എൽ പി എസ് 100 രൂപ , യു.പി.എസ് 125 രൂപ ,എച്ച.എസ്.150 രൂപ യഥാക്രമം നൽകുന്നു.

2. അംഗീകൃത അൺ എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട പ്രൈമറി , ഹൈസ്കുൾ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് യഥാക്രമം 1000 രൂപ ,1500 രൂപ നിരക്കിൽ ട്യൂഷൻ ഫീസും ടി തുകയുടെ മുന്നിൽ ഒരു വിഭാഗം സ്പെഷ്യൽ ഫീസായും അനുവദിക്കിന്നു.(ബന്ധപ്പെട്ട സ്ക്കൂൾ മുഖേന)

3. എസ്.എസ്.എൽ.സി ,പ്ലസ് ടു ,ഡിഗ്രി, പി.ജി എന്നീ പരീക്ഷകളിൽ ഫസ്റ്റ് ക്ലാസ്,ഡിസ്റ്റിംഗ്ഷൻ ലഭിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് 750 രൂപ ,1000 രൂപ,1500 രൂപ ,2000 രൂപ ക്രമത്തിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു. ഡിസ്റ്റിംഗ്ഷൻ ലഭിച്ചവർക്ക് ഈ തുക ഇരട്ടി സമ്മാനമായി നൽകുന്നു.
   വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പുകൾ ന്ശ്ചിത മാതൃകയിലുള്ള അപേക്ഷ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് യഥാസമയം നൽകണം.

4. എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കോഴ്സുകളിൽ പരാജയപ്പെട്ടവരും കുറഞ്ഞത് 25% ലഭിച്ചവരുമായവർക്ക് ട്യൂട്ടോറിയൽ ക്ലാസിൽ ചേർന്ന് പഠിക്കാൻ സഹാടം നൽകുന്നു.എസ്.എസ്.എൽ.സി കാർക്ക് കുറഞ്ഞത് ബി ഗ്രേഡ് ലഭിച്ചിട്ടുണ്ടായിരിക്കണം.

5. പാരൽ കോളേജിന്റെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ്, ലംപ്സംഗ്രാന്റ് ,സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നു. സർക്കാർ സ്ക്കൂളുകളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിച്ചില്ല എന്ന് കാണിക്കുന്ന സ്ക്കൂൾ അധികൃതരുടെ സാക്ഷ്യപത്രം സഹിതം ന്ശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം.

6. അയ്യങ്കാളി ടാലന്റ് സർച്ച് സ്കോളർഷിപ്പ്
   4,7 ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് സ്ക്കോളർഷിപ്പുകൾ, മറ്റ് ചിലവുകൾ അനുവധിക്കുന്ന പദ്ധിതിയാണിത്. വാർഷിക വരുമാനം ബി.പി.എൽ പരിധിയിൽ അധികരിക്കാത്ത രക്ഷിതാക്കളുടെ മക്കൾക്ക് ബന്ധപ്പെട്ട സ്ക്കൂൾ മുഖേന അപേക്ഷിക്കാം.

## സാമ്പത്തിക വികസന പരിപാടികൾ

1. സ്വയം തൊഴിൽ വായ്പ ധനസഹായ പദ്ധതി
   മൂന്ന് ലക്ഷം വരെയുള്ള വ്യവസായങ്ങൾക്ക്/പദ്ധതികൾക്ക് മൂന്നിൽ ഒരു ഭാഗം സബ്സിഡിയായി അനുവദിക്കുന്നു. 7 പേര് ഉള്ള ഗ്രൂപ്പിന് പത്തര ലക്ഷം വരെയുള്ള സംരഭത്തിന് മൂന്നര ലക്ഷം സബ്സിഡി നൽകുന്നു.
   18 നും 50 നും ഇടക്ക് പ്രായവും 7 മുതൽ 10 ക്ലാസ് വരെ വിദ്യാഭ്യാസമുള്ളവർക്ക് അപേക്ഷിക്കാം.
2. 100000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 70,000 രൂപ അനുവദിക്കുന്നു.
   ജാതി, വരുമാനം, വിവാഹ രജിസ്ട്രേഷൻ എന്നീ സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ വിവാഹം കഴിഞ്ഞ് ഒരു മാസത്തിനകം ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം.

## സാമൂഹ്യ ഉന്നമന/ക്ഷേമ പരിപാടി

1. **മിശ്രവിവാഹിതർക്ക് ധനസഹായം**
   മിശ്രവിവാഹം മൂലം സാമൂഹ്യ ഒറ്റപ്പെടലുകൾക്കും പീഢനത്തിനും വിധേയരായ ദമ്പതികൾക്ക് 75,000 രൂപ വരെ ധനസഹായം ലഭിക്കുന്നു.
2. **ഭൂരഹിത/ഭവന രഹിത പുനധിവാസ പദ്ധതി**
   ദാരിദ്ര രേഖക്ക് താഴെയുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ പറ്റുന്ന ഭൂമി കണ്ടെത്തി വാങ്ങുന്നതിന് പഞ്ചായത്തിൽ 375000,മുനിസിപ്പാലിറ്റിയിൽ 450000 രൂപ അനുവദിക്കുന്നു.
   അപേക്ഷകരെ വാർഡ്സഭ ലിസ്റ്റിൽ നിന്നും കണ്ടെത്തുന്നു.
3. **ഭവന നിർമ്മാണ ധന സഹായം**
   ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നത്തിന് രണ്ട് ലക്ഷം രൂപ വരെ അമുവദിക്കുന്ന പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷം മുതൽ ഈ ഹൗസിംഗ് എന്ന പേരിൽ പോസ്റ്റ് ഓഫീസുകളുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു.
   ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷം മുതൽ ഇ ഹൗസിംഗ് എന്ന പ്രിൽ പോസ്റ്റ് ഓഫീസുകളുടെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു.
4. **ചികിത്സാ ധന സഹായം**
   50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് മാറാരോഗം, ദീർഘകാല ചികിത്സ, പ്രകൃതിക്ഷോഭം/തീപിടുത്തം എന്നിവ മൂലമുള്ള അത്യാവശ്യ ചിലവുകൾക്കായി 1,00,000 രൂപ വരെയുള്ള ധനസഹായം ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.

   **എസ്.സി പ്രൊമോട്ടർ**

   പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ക്ഷേമ പരിപാടികൾ ഏകോപിപ്പിക്കുകയും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും കാര്യക്ഷമമാക്കുന്നതിനുമായി മുനിസിപ്പാലിറ്റിയിൽ 3 പ്രൊമോട്ടർമാരെ 10000 രൂപ പ്രതിമാസം ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പ്രമോട്ടർമാർ, പട്ടികജാതി കോളനികൾ സന്ദർശിച്ച് നഗരസഭയുടേയും , വകുപ്പിന്റെ വിവധ പദ്ധതികളെ കുറിച്ച് വിശദീകരിച്ച് ബോധവാൻമാരാക്കി യഥാർഥ ഗുണഭോക്താക്കളെ നഗശരസഭയിലേക്കും മറ്റ് ഓഫീസുകളിലേക്കും നയിക്കുന്നു.

......

**താലൂക്ക് ആശുപത്രി മലപ്പുറം**

| ക്രമനം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി(അപേക്ഷ കിട്ടിയത് ശേഷമുള്ള /ദിവസം) |
|---|---|---|---|
| 1 | മെഡിക്കൽ സർട്ടിഫക്കറ്റ് | | 30 |
| 2 | ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് | അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കണം | 14 |

**ഗവ. ആയുർവേദ ആശുപത്രി , പട്ടർക്കടവ്**

| ക്രമനം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി(അപേക്ഷ കിട്ടിയത് ശേഷമുള്ള /ദിവസം) |
|---|---|---|---|
| 1 | രോഗികളെ പരിശോധിച്ച് ഔഷധങ്ങൾ നൽകുന്നു. | പുതിയ ഒ പി ടിക്കറ്റിന് 5/- രൂപ വീതം ഈടാക്കുന്നു. | |

**ജില്ലാ വെറ്റിനറി കേന്ദ്രം**

| ക്രമനം | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി(അപേക്ഷ കിട്ടിയത് ശേഷമുള്ള /ദിവസം) |
|---|---|---|---|
| 1 | പ്രവർത്തി സമയം രാവിലെ 9 മണിമുതൽ 1 മണി വരെ, ഉച്ചക്ക് 2 മണി മുതൽ 3 മണി വരെ , ഞായർ 9 12 മറ്റ് അവധി ദിവസങ്ങൾ 9-1 | | |
| 2 | സ്ഥാപന പരിധിയിലുള്ള പക്ഷി മൃഗാധികളുടെ ആരേഗ്യ സംരക്ഷണം | | |
| 3 | താലൂക്ക് തല റഫറൽ കേന്ദ്രമായി പ്രവർത്തിക്കുക | | |

| | | | |
|---|---|---|---|
| 4 | വിജ്ഞാപന പ്രവർത്തനൾ നടത്തുക | അപേക്ഷ നൽകൽ | |
| 5 | പദ്ധതി നിരവ്വഹണം സുതാര്യമായും സമയബന്ധിതമായും  നടത്തുക. | അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് നൽകൽ | |
| 6 | വെറ്റിനറി ഹോസ്പിറ്റൽ വെറ്റിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ റഫറൽ കേന്ദ്രമായി പ്രവർത്തിക്കുക | | |
| 7 | പ്രതിരോധ കുത്തിവെപ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കുക/വാകിസനേഷൻ സർട്ടിഫിക്കറ്റ് | മൃഗാശുപത്രിയിൽ കൊണ്ട്  വന്ന ശേഷം | |
| 8 | കൃത്രിമ ബീജധാന  സൗകര്യം സർക്കാർ നിർദേശാനുസൃതമായി നടപ്പിലാക്കുക | | |
| 9 | സ്ഥാപന പരിധിയിൽ പകർച്ചാവ്യാധി  നിയന്ത്രണം കാര്യക്ഷമമാക്കൽ | | |
| 10 | പക്ഷി മൃഗാധികളെ ഇൻഷൂർ ചെയ്യുകയും  ആനുകൂല്യങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കുക | അപേക്ഷ നൽകൽ | 3 ദിവസത്തിനകം |
| 11 | വന്ധ്യതാ നിവാരണ ക്യാമ്പ് , ഗോരക്ഷാ ക്യാമ്പ് എന്നിവ സംഘടിപ്പിക്കൽ | | കാലാകാലങ്ങളിൽ |
| 12 | ക്ലിനിക്കൽ ലബോറട്ടറി കാര്യക്ഷമമായി പ്രവർത്തിക്കുക | സാമ്പിളുകൾ ശേഖരിച്ചെത്തിക്കൽ | |
| 13 | സ്വയംതൊഴിൽ പ്രൊജക്റ്റ് റിപ്പോർട്ടുകൾക്ക് സാങ്കേതിക സഹായം നൽകുക | | |
| 14 | മൃഗസംരക്ഷണ വകുപ്പ്തല വിജ്ഞാപനങ്ങൾ താലൂക്ക് തലത്തിൽ ഏകോപിപ്പിക്കുക | | |
| 15 | ജന്തുജന്യരോഗങ്ങളോ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക | പദ്ധതി ലഭിക്കുന്ന മുറയ്ക്ക് | 30 ദിവസത്തിനകം |

| | | | |
|---|---|---|---|
| 16 | പ്രകൃതി ദുരന്ത നിവാരണം | അപേക്ഷ ലഭിക്കുന്നതനുസരിച്ച് | പ്രാഥമിക റിപ്പോർട്ട് 24 മണിക്കൂറിനകം |

**അദ്ധ്യായം –16**

## പൊതുജനങ്ങളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും

### ഉത്തരവാദിത്വങ്ങൾ

1. മുനിസിപ്പൽ അധികൃതരുടെ നിർദേശങ്ങൾ പാലിക്കുക
2. വിവിധ തരംനികുതുകൾ കൃത്യസമയത്ത് അടക്കുക.(കെട്ടിട നികുതി, പരസ്യ നികുതി, തൊഴിൽ നികുതി, പ്രദർശന നികുതി തുടങ്ങിയവ)
3. കെട്ടിടം വിൽക്കുകയാണെങ്കിൽ ആയത് 3 മാസത്തിനകം നഗരസഭയെ അറിയിക്കുക. ( S–240)
4. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും ,പൊളിക്കുന്നതിനും 15 ദിവസം മുമ്പേ നഗരസഭയെ അറിയികേകുക. (S–281)
5. പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നഗരസഭയുടെ അനുമതി നേടിയിരിക്കേണ്ടതാണ്. (S–272)
6. സ്വകാര്യ ആശുപത്രികൾ/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ തുടങ്ങുന്നതിന് മുമ്പ് നഗരസഭയുടെ അനുമതി നേടിയിരിക്കേണ്ടതാണ്. (S–311)
7. പൊതു കക്കൂസുകൾ പ്രവർക്കുന്നതിന് ലൈസൻസ് നേടിയിരിക്കേണ്ടതാണ്. (S–321)
8. മലിനജലം പൊതുനിരത്തിലേക്ക് ഒഴുക്കി വിടാൻ പാടില്ല. (S–337)
9. പൊതു നിരത്തിൽ ശല്യം ഉണ്ടാക്കാൻ പാടില്ല. (S–341)
10. നഗരസഭയുടെ അനുമതി ഇല്ലാതെ പൊതുസ്ഥലങ്ങളിലും പൊതു നിരത്തിലും കച്ചവടം പാടില്ല. (S–371)
11. നഗരസഭയുടെ  ഇല്ലാതെ പുറമ്പോക്ക് ഭൂമിഉപയോഗിക്കാൻ പാടില്ല. (S–376)
12. പൊതു നിരത്തുകാർക്ക് പേരിടുന്നതിന് നഗരസഭയുടെ അനുമതി ആവശ്യമാണ്. (S–379)
13. കിണർകുഴിക്കുന്നതിന് നഗരസഭയുടെ അനുമതി ആവശ്യമാണ്. (S–397)
14. ഗ്വന്തം പുരയിടത്തിലെ മരങ്ങൾ സമീപത്തുള്ള വീടുകൾക്കോ, കിണറിനോ ശല്യമാവുന്നു എങ്കിൽ മുറിച്ചു മാറ്റുക. (S–428)
15. വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുക. (S–437)
16. മറ്റുള്ളവർക്ക് ശല്യമാവുന്ന രീതിയിസ് മൃഗശ്ശളെ വളർത്തുകയോ സൂക്ഷിക്കാതിരിക്കുകയോ ചെയ്യുക(S-436)
17. മൃഗങ്ങളെ സംരക്ഷിക്കുന്ന സ്ഥലത്തിന് ലൈസൻസ് എടുക്കുക (S–444)
18. കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുക (S–447)
19. ഫാക്ടറികൾ പണിശാലകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുക്കുക. (S–448)
20. അറവുശാലകൾക്ക് ലൈസൻസ് എടുക്കുക. (S–453)
21. ക്ഷീര വ്യവസായം/വിതരണം/സംഭരണം എന്നിവ നടത്തുന്നതിന് ലൈസൻസ് എടുക്കുക (S–456)
22. സ്വകാര്യ ചന്തകൾക്ക് ലൈസൻസ് എടുക്കുക. (S–460)
23. സ്വകാര്യ വാഹന പാർക്കിംഗ് ഏരിയക്ക് ലൈസൻസ് എടുക്കുക (S–475)
24. എല്ലാ ജനനവും മരണവും രജിസ്റ്റർ ചെയ്യുക (S–493)

25. പകർച്ച രോഗം പിടിപ്പെട്ടവർ, ജോലികളിൽ ഏർപ്പെടാനോ പൊതുവാഹനങ്ങൾ ഉപയോഗിക്കാനോ പാടില്ല (S–501,502)
26. പകർച്ച രോഗബാധിതരായ കുട്ടികളെ സ്ക്കൂളിൽ അയക്കാതിരിക്കുക (S–505)
27. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുക (S–507)
28. എല്ലാ വിവാഹവും രജിസ്റ്റർ ചെയ്യുക (കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ പൊതുചട്ടങ്ങൾ)

**വിവിധ നികുതികൾ അടക്കേണ്ട അവസാന ദിവസവും തുടർന്ന് പലിശ നൽകേണ്ട ദിവസങ്ങളും**

| ക്രമ നമ്പർ | നികുതി ഇനം | പിഴപലിശ നൽകേണ്ടി വരുന്ന തിയ്യതി |
|---|---|---|
| 1 | ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി(തൊഴിലുടമ ആഫീസ് മേധാവി മുഖാന്തിരം) | സെപ്തംബർ ഒന്നു മുതൽ |
| 2 | ഇണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി(തൊഴിലുടമ ആഫീസ്മേധാവി മുഖാന്തിരം) | മാർച്ച് ഒന്നു മുതൽ |
| 3 | ഒന്നാം അർദ്ധ വർഷതൊഴിൽ നികുതി/രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി(ഇടപാട് നടത്തുന്നവരിൽ നിന്നും) | ഡിമാന്റ് നോട്ടീസിൽ നികുതി അടക്കാൻ നിർദ്ദേശിക്കുന്ന അവസാന തിയ്യതി കഴിഞ്ഞു വരുന്ന തൊട്ടടുത്ത ദിവസം മുതൽ |
| 4 | അുഴുവൻ വസ്തു നികുതിയും (സർച്ചാർജ്ജ്,സേവന നികുതിഉൾപ്പെടെ) | |
| | | |
| | | |
| | | |
| | | |
| 9 | ഇതര നികുതികൾ/മറ്റിനങ്ങൾ | അറിയിപ്പിൽ തുക ഒടുക്കുന്നതിന് സൂചിപ്പിച്ചിട്ടുള്ള അവസാന തിയ്യതി കഴിഞ്ഞു വരുന്ന ആദ്യ ദിവസം മുതൽ |

**5. ക്യാഷ് കൗണ്ടറിൽ സ്വീകരിക്കുന്ന അപേക്ഷ ഫീസ്**

| | | |
|---|---|---|
| 1 | ജനന സർട്ടിഫിക്കറ്റ്,മരണ സർട്ടിഫിക്കറ്റ് | 5രൂപ |
| 2 | വിവാഹ സർട്ടിഫിക്കറ്റ് | 25 രൂപ |
| 3 | ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ(1 വർഷത്തിന് ശേഷം)<br>എൻ.എ.സി തിരച്ചിൽ ഫീസ് | 5 രൂപ<br>2 രൂപ<br>2/വർഷം |
| 4 | വിവാഹ രജിസ്ട്രേഷൻ –45 ദിവസം | 100 രൂപ |
| 5 | വിവാഹ രജിസ്ട്രേഷൻ(45 ദിവസം–5വർഷം വരെ)<br>5 വർഷത്തിനു ശേഷം | 200 രൂപ<br>350 രൂപ |
| 6 | കുട്ടിയുടെ പേര് തിരുത്തൽ | 50 രൂപ |
| 7 | ജനന മരണ രജിസ്ട്രേഷൻ (21 ദിവസം–30ദിവസം)30 ദിവസം–1 വർഷം വർഷത്തിനു ശേഷം ഫൈൻ | 2 രൂപ<br>5രൂപ<br>10രൂപ<br>50രൂപ |

## ക്യാഷ് കൗണ്ടറിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറത്തിന്റെ വില

| | | |
|---|---|---|
| 1 | ജനന സർട്ടിഫിക്കറ്റ് | 1 രൂപ |
| 2 | മരണ സർട്ടിഫിക്കറ്റ് | 1 രൂപ |
| 3 | ലൈസൻസ്(ഡി@ഒ) | 10 രൂപ |

## വാർഡ് സഭ

73–ാം ഭരണഘടന ഭേദഗതി പ്രകാരം നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനവും സൂക്ഷമവുമായ ഘടകമാണ് വാർഡ്സഭ. വാർഡ്സഭ എന്നത് ഒരു വാർഡിലെ വോട്ടർമാരുടെയും അംഗത്വമുള്ള സഭയാണ്. ഒരു വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർ ആ വാർഡ്സഭയുടെ കൺവീനറായിരിക്കുന്നതാണ്. 3 മാസത്തിലൊരിക്കൽ അല്ലെങ്കിൽ 6 മാസത്തെ പരിധി ലംഘിക്കാതെ വാർഡ്സഭ വിളിച്ചു കൂട്ടേണ്ടത് ആ വാർഡ് കൗൺസിലറുടെ ചുമതലയാണ്. വാർഡ് സഭയുടെ ക്വാറം ആകെ വോട്ടർമാരുടെ 10% ആണ്.ക്വാറംതികയാതെ മാറ്റിവെക്കുന്ന വാർഡ്സഭ

രണ്ടാമത് വിളച്ചു കൂട്ടുമ്പോൾ ക്വറം 50 ആളുകൾമതിയാവുമ്പോഴാണ്. കൺവീനറെ സഹായിക്കാൻ ഒരു കോ–ഓർഡിനേറ്ററെ നിശ്ചയിക്കേണ്ടതാണ്. വാർഡ്സഭയുടെ അധികാര പരിധിയിൽ പെട്ട ഏത് പ്രശ്നത്തെ കുറിച്ചും അതിന്റെ യോഗത്തിൽ ഭൂരിപക്ഷ അടിസ്ഥാനത്തിൽ പ്രമേയം പാസാക്കാവുന്നതും എന്നാൽ കഴിയുന്നടുത്തോളം പൊതു സമ്മതത്തോടു കൂടിയ തീരുമാനം എടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

## വിവരാവകാശ നിയമം

2005 ഒക്ടോബർ 12 ന് പ്രാബല്യത്തിൽ വന്ന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സാമ്പത്തിക സഹായത്താലോ പ്രവർത്തിക്കുന്ന എല്ലാസ്ഥാപനങ്ങളും ഓഫീസുകളും ഉൾപ്പെടുന്നു. ഏതെങ്കിലും ഒരു കര്യത്തെ കുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷനൽകാം അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന് വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിനുള്ള വിലാസം അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനേയോ സ്വാതന്ത്ര്യത്തേയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീലിൻമേൽ 45 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.

## പ്രധാന സ്ഥാപനങ്ങളുടെ ടെലിഫോൺ നമ്പറുകൾ

| | |
|---|---|
| കലക്ട്രേറ്റ് ,മലപ്പുറം | 2734922,882 |
| ജില്ലാ കലക്ടർ | 2734355 |
| ജില്ലാ പഞ്ചായത്ത് ഓഫീസ് ,മലപ്പുറം | 2734832 |
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | 2734564 |
| ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് | 2734854 |
| ജില്ലാ പോലീസ് ഓഫീസ് | 2734384 |
| ജില്ലാ പോലീസ് സൂപ്രണ്ട് | 2734377 |
| എ.ഡി.എം | 2734421,427 |
| ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ,മലപ്പുറം | 2734838 |
| എ.ഡി.പി മലപ്പുറം | 2734984 |
| ജില്ലാ പ്ലാനിംഗ് ഓഫീസ് ,മലപ്പുറം | 2734832 |
| ഡി.ആർ.ഡി.എ ,മലപ്പുറം | 2734976 |
| ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് ,മലപ്പുറം | 2734997 |
| ജില്ലാ മെഡിക്കൽ ഓഫീസ് ,മലപ്പുറം | 2766857 |
| ജില്ലാ ഇൻഫർമേഷൻ ഓഫീസ് | 2734387 |
| ഇൻഫർമേഷൻ എൻ.ഐ.സി | 2734971 |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ് | 2734826,888 |
| ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് | 2734904 |
| ജില്ലാ വെൽഫയർ ഓഫീസർ | 2735324 |
| ജില്ലാ ട്രെഷറി ,മലപ്പുറം | 2734459 |
| ജില്ലാ-കോ-ഓർഡിനേറ്റർ ,കുടുംബശ്രീ | 2733470 |
| ജില്ല  അഗ്രികൾച്ചറൽ ഓഫീസ് | 2734916 |
| ജില്ലാ വ്.വസായ കേന്ദ്രം | 2734812 ,895 ,896 |
| ജില്ലാ വെറ്റിനറി ഓഫീസർ | 2734917 |
| ജില്ലാ ഹൗസിംഗ് ബോർഡ് | 2735003 |
| ജില്ല ലേബർ ഓഫീസ് | 2734814 |
| ജില്ലാ സപ്ലൈ ഓഫീസ് | 2734912 |
| ജില്ലാപട്ടികജാതി ക്ഷേമ ഓഫീസ് | 2734901 |
| ജില്ലാ സാക്ഷരതാമിഷൻ | 2734670 |
| ജില്ലാ പ്രൊജക്റ്റ് ഓഫീസ് അക്ഷയ | 2739027,28 |
| ലോക്കൽഫണ്ട് ഓഡിറ്റ് ,മലപ്പുറം | 2734951 |
| മലപ്പുറം ബ്ലോക്ക് ഓഫീസ് | 2734909 |
| മലപ്പുറം മുനിസിപ്പാലിറ്റി | 2734228 ,327 |
| സബ് ട്രഷറി ,മക്കരപറമ്പ് | 04933-282028 |
| താലൂക്ക് ഓഫീസ് ,പെരിന്തൽമണ്ണ | 04933-227238 |
| സബ് കലക്ടർ ,പെരിന്തൽമണ്ണ | 04933-227500 ,214 |
| താലൂക്ക് സപ്ലൈ ഓഫീസ് ,പെരിന്തൽമണ്ണ | 04933-227238 |
| കെ.എസ്.ഇ.ബി  മലപ്പുറം | 2734913 |
| വാട്ടർ അതോറിറ്റി ,മലപ്പുറം | 2734857 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി ,മലപ്പുറം | 2731450 |
| കെ.എസ്.ആർ.ടി.സി ,മലപ്പുറം | 2734950 |
| റെയിൽവേ സ്റ്റേഷൻ ,തിരൂർ | 0494-2422240 |
| ഡി.വൈ.എസ്.പി മലപ്പുറം | 2734992 |
| സി.ഐ മലപ്പുറം | 2734875 |
| പോലീസ് സ്റ്റേഷൻ എസ്.ഐ ,മലപ്പുറം | 2734966 |
| കോ-ഓപ്പറേറ്റീവ് ആശുപത്രി | 0483-2734407 |

| | |
|---|---|
| ഗവ. ആശുപത്രി ,മലപ്പുറം | 0483-2734866 |
| ആയുർവേദ ആശുപത്രി ,കോട്ടക്കൽ | 0483-27242251 |
| ഹോമിയോ ഹോസ്പിറ്റൽ | 0483-2101430 |
| മൃഗാശുപത്രി | 0483-2734815 |
| എയർപോർട്ട് ,കോഴിക്കോട് | 0483-2732369 |
| പ്രസ്ക്ലബ് ,മലപ്പുറം | 2734842 |
| മലയാളമനോരമ ,മലപ്പുറം | 2734885 ,2737208 |
| മാതൃഭൂമി ,മലപ്പുറം | 2734391 ,2731238 |
| ചന്ദ്രിക ,മലപ്പുറം | 2734252 ,2733283 |
| ദേശാഭിമാനി ,മലപ്പുറം | 2734045 ,2734035 |
| മാധ്യമം ,മലപ്പുറം | 2734615 ,2736197 |
| വീക്ഷണം | 231883 |
| തേജസ് | 3256363 ,3255353 |
| വർത്തമാനം | 2739022 |
| സിറാജ് | 2734241 |
| | |

തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റ് :www.lsgkerala.gov.in

കേരളസർക്കാർ വെബ്സൈഖറ്റ് :www.kerala.gov.in